# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 195

08.03.2017 - ൽ മറുപടിയ്ക്ക്

### കയർ വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. ജോയി | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി) രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | എ) അപ്പക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചിട്ടുണ്ട്. കയർമേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിനും, സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നതിനും, വികസന സഹായം നൽകുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുമായിട്ടാണ് എ.ബി.സി. രൂപീകരിച്ചിട്ടുള്ളത്. കയർമേഖലയ്ക്ക് വേണ്ടി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, കയർ സംബന്ധമായ പൊതു സർക്കാർ നയങ്ങൾ നടപ്പിലാക്കുക, കമ്പോള വിപണന നിർദ്ദേശങ്ങൾ നൽകുക, കയർമേഖലയ്ക്ക് വേ ണ്ടി വിജ്ഞാനം വളർത്തിയെടുത്ത് ആവശ്യക്കാർക്ക് കിട്ടാനുള്ള നടപടികൾ സ്വീകരിക്കുക, കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിക്കുക എന്നതാണ് ഈ സമിതിയുടെ ലക്ഷ്യങ്ങൾ. |
| ബി) കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; കേരളത്തിൽ നിർമ്മിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ബ്രാന്റിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; | ബി) ഇപ്പോൾ നിലവിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| സി) കയർ വ്യവസായത്തിനു വേണ്ടി ആധുനിക സാങ്കേതിക വിദ്യയും വ്യവസായ വികസന തന്ത്രങ്ങളും ആവിഷ്ക്കരിക്കുന്നതിന് രൂപീകരിച്ച നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവലോകനം ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ എ ടു ത്തിട്ടുണ്ട്.<br><br>1. എൻ.സി.ആർ.എം.ഐ. ട്രെയിനിംഗ് പദ്ധതികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുകയും നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ട്രെയിനിംഗ് പദ്ധതികൾ തുട രുന്ന തോടൊപ്പം തന്നെ കയർ മേഖലയുടെ സമഗ്ര വികസനത്തിന് ആവശ്യമായ പരിശീലന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയും ചെയ്യു ക. |

2. കയർ മേഖലയുടെ ഗവേഷണ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് collaborative ഗവേഷണ പദ്ധതികൾ നടപ്പിലാക്കു ക.

3. ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിന് എൻ. സി.ആർ.എം.ഐ. പ്രത്യേക പ്രാധാന്യം നൽകി ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കു ക.

4. കയർ ഭൂവസ്ത്രത്തിന്റെ പുതിയ ഉപയോഗസാധ്യതകൾ ക ണ്ടെത്തുന്നതോടൊപ്പം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ പ്രചരിപ്പി ക്കുന്ന തിനുവേണ്ട നടപടികൾ സ്വീകരിക്കു ക.

5. വിപണി വികസനത്തിന് ആവശ്യമായിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ നട ത്തുക.

6. കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായിട്ടുള്ള കൺസൾട്ടൻസിയും സാങ്കേതിക പരിജ്ഞാനവും നൽകുക.

സെക്ഷൻ ഓഫീസർ